"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്- ബീറ്റ് ഫോറസ്റ്റ് ഓഫീസർ കുമാരി.അഷ്ടമി.എസ്. കുമാറിന് ഉന്നതപഠനത്തിനായി KSR Part I , അപ്പൻഡിക്സ് XII-B പ്രകാരം ശൂന്യവേതനാവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.22/2022/വനം തീയതി, തിരുവനന്തപുരം, 18/01/2022.

---

പരാമർശം:- ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 02.11.2021 ലെ ഇ7-4036/21 നമ്പർ കത്തും അനുബന്ധവും.

ഉത്തരവ്

വനം വന്യജീവി വകുപ്പിൽ പുനലൂർ ഡിവിഷനിൽ പത്തനാപുരം റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ ആയി സേവനം അനുഷ്ഠിക്കുന്ന കുമാരി. അഷ്ടമി.എസ്.കുമാർ ഉന്നത പഠനത്തിനായി സമർപ്പിച്ച ശൂന്യവേതന അവധി അപേക്ഷ, പരാമർശ കത്ത് പ്രകാരം, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം) ശുപാർശ സഹിതം ലഭ്യമാക്കിയിരുന്നു.

2). 29.08.2018-ൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ ആയി സേവനത്തിൽ പ്രവേശിച്ച കുമാരി.അഷ്ടമി.എസ്.കുമാറിന്റെ പ്രൊബേഷൻ 02.10.2020 തീയതി പ്രാബല്യത്തിൽ ഡിക്ലയർ ചെയ്തിട്ടുണ്ട്. അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് ടെക്സാസ്, അർലിംഗ്ടണിൽ, ബയോ എഞ്ചിനീയറിംഗ് & ബയോ മെഡിക്കൽ എഞ്ചിനീയറിംഗിൽ, പോസ്റ്റ് ഗ്രാജുവേഷൻ കോഴ്സ് ചെയ്യുന്നതിലേക്കാണ് കുമാരി.അഷ്ടമി.എസ്.കുമാർ ശൂന്യവേതന അവധി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കോഴ്സ് കാലാവധി 18.01.2022 മുതൽ 31.05.2024 വരെയാണ്. കോഴ്സ് കഴിഞ്ഞ് കോഴ്സിനോട് അനുബന്ധമായുള്ള Internship, Course Project എന്നിവ പൂർത്തീകരിക്കുന്നതിനും വേണ്ടി 15.12.2021 മുതൽ 14.12.2026 വരെ അഞ്ച് വർഷത്തേക്ക് അവധി അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. പുനലൂർ ഡിവിഷനിൽ പത്തനാപുരം റേഞ്ചിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ ആയി സേവനം അനുഷ്ഠിക്കുന്ന കുമാരി. അഷ്ടമി.എസ്.കുമാറിന്, മൂന്നു വർഷത്തെ തുടർച്ചയായ സേവനമുള്ളതിനാൽ, 15.12.2021 മുതൽ 31.05.2024 വരെയുള്ള കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം I, ചട്ടം 88 പ്രകാരം, പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു തങ്കച്ചി.എം.കെ
അഡിഷണൽ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (സേവനപുസ്തകം സഹിതം).

കുമാരി. അഷ്ടമി.എസ്.കുമാർ.(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (1928610/അഗ്രി-എ1/215/2021-ധന പ്രകാരം).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Noushad S
Date: 19-01-2022 12:17:40
Reason: Approved
സെക്ഷൻ ഓഫീസർ.